**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2446** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനും, വിവിധ പദ്ധതികളിലൂടെ പ്രാദേശിക ജനസമൂഹത്തെ ടൂറിസം രംഗവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നിലവിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന 20019 യൂണിറ്റുകൾ ഉണ്ട്, ഇതിലൂടെ ഒരു ലക്ഷത്തിലധികം സാധാരണക്കാരായ ജനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ ടൂറിസത്തിന്റെ ഗുണഭോക്താക്കൾ ആയിട്ടുണ്ട്. മിഷന്റെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ നെറ്റ്‌വർക്ക് എന്നീ പദ്ധതികൾ ലോക ശ്രദ്ധയാകർഷിച്ച പങ്കാളിത്ത ടൂറിസം വികസന പ്രവർത്തനത്തിന്റെ ഉത്തമ മാതൃകകളാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിനും, കൂടുതൽ ശാക്തീകരിക്കുന്നതിനുമായി മിഷനെ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ